പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2230 11.02.2020 ൽ മറുപടിയ്ക്ക്

**മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി**

ചോദ്യം

ശ്രീ.സി. ദിവാകരൻ

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ അനുവദിക്കണമെന്നാവശ്യപ്പെടുന്ന എത്ര നിവേദനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 10 വിൽപ്പനശാലകൾക്കായി 13 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം സ്ഥലങ്ങളിലാണ് മാവേലിസ്റ്റോർ അനുവദിക്കണം എന്ന് ആവശ്യപ്പെടുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 1. വെമ്പായം ഗ്രാമപഞ്ചായത്തിലെ അയിരൂപ്പാറ<br>2. മാണിക്കൽ ഗ്രാമപഞ്ചായത്തിലെ തലേക്കുന്ന്<br>3. നെടുമങ്ങാട് നഗരസഭയിലെ പൂവത്തൂർ<br>4. നെടുമങ്ങാട് നഗരസഭയിലെ കരിങ്ങാകോളനി – കാഞ്ഞിരംപാറ<br>5. പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട്<br>6. നെടുമങ്ങാട് മണ്ഡലത്തിൽ ഒരു സൂപ്പർ മാർക്കറ്റ്, നെടുമങ്ങാട് മുനിസിപ്പാലിറ്റി, കരകുളം, പോത്തൻകോട്, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തുകളിൽ ഓരോ മാവേലി സ്റ്റോർ. |
| (സി) | പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ആയതു പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിലെ അയിരൂപ്പാറ, മാണിക്കൽ ഗ്രാമപഞ്ചായത്തിലെ തലേക്കുന്ന്, നെടുമങ്ങാട് നഗരസഭയിലെ പൂവത്തൂർ, കരിങ്ങാകോളനി, പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട്, എന്നിവിടങ്ങളിലും കരകുളം, പോത്തൻകോട്, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നിലവിലെ സർക്കാർ മാനദണ്ഡമനുസരിച്ച് അനുയോജ്യമായ കെട്ടിടങ്ങൾ ലഭ്യമാക്കുന്നതും അനുബന്ധ |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതും സംബന്ധിച്ച് സപ്ലൈകോ തിരുവനന്തപുരം മേഖലാ മാനേജർ മുഖാന്തിരം അതാത് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എവിടെയെല്ലാമാണ് മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് അനുകൂലമായ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | നെടുമങ്ങാട് നഗരസഭയിൽ വലിയമല വാർഡിൽ കരിങ്ങാകോളനി കേന്ദ്രീകരിച്ച് മാവേലി സ്റ്റോർ തുടങ്ങുന്നതിന് കെട്ടിടം കണ്ടെത്തി നഗരസഭ മേഖലാ മാനേജർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതു പ്രകാരം പ്രസ്തുത കെട്ടിടം ഡിപ്പോ മാനേജർ പരിശോധിച്ച് സപ്ലൈകോ വിൽപ്പനശാലയ്ക്ക് അനുയോജ്യമാണോ എന്നതുൾപ്പെടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | കാലതാമസം ഒഴിവാക്കി മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | മാവേലി സ്റ്റോറുകൾക്കാവശ്യമായ കെട്ടിട സൗകര്യം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത് എന്നതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അനുയോജ്യമായ കെട്ടിടത്തിന്റെ ലഭ്യത ഉറപ്പാക്കി സാധ്യതാ പഠനം നടത്തി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ